# പൗരസ്ത്യ സഞ്ചാരികൾ

*നാഗരികൻ:* കാട്ടിലെത്തളിർവിരിപ്പിൽ ഞാൻ കുയിൽ
പ്പാട്ടിൽ മുങ്ങിയൊരുനാളുറങ്ങവേ
കേട്ടതെന്തി,ലയനക്കം; എങ്കിലും
കേട്ടമാത്രയിലെടുത്തു ചാടി ഞാൻ.

*കാഥികൻ:* കൊണ്ടൽവർണ്ണനവിലുണ്ടതിനാലുൾ-
ച്ചെണ്ടിൽ നിർവൃതി വഴിഞ്ഞ കുചേലൻ
മണ്ടിവന്നു പുരി പുക്കു പരുങ്ങീ,
''പണ്ടു കണ്ട വഴിയല്ലിവയൊന്നും!''

*തത്വജ്ഞാനി:* യുക്തി വളർന്നു കഴിഞ്ഞതുകൊണ്ടും
ഭക്തി തളർന്നു വരുന്നതുകൊണ്ടും
ഉദ്ധതനിശ്ശതകത്തിൽ വസിക്കും
മർത്യനമർത്യപദത്തെ വരിപ്പൂ.

*ഭക്തൻ :* കൊടുതായ ബുഭുക്ഷ മൂലമിപ്പാ-
രിടമൊട്ടാകെ വയറ്റിലാക്കിയിട്ടും
വിടർതൊണ്ടയിലീശ്വരന്റെ തൃക്കാ-
ലടി തീരെത്തടയാത്തതല്ലി കഷ്ടം!

*അച്ഛൻ:* കല്ലുപോലുമലിയും പടിയ്ക്കവിശ-
ദാക്ഷരസ്വരമനോഹര-
ച്ചൊല്ലുതിർത്തു മമ ദുഃഖവഹ്നി മുഴു-
വൻ കെടുത്തുമളവുണ്ണി, നീ
പല്ലവാരുണകരങ്ങൾകൊണ്ടു കവി-
ളത്തു വെച്ചുതരുമോമന-
ത്തല്ലു കൊണ്ടതിനു ഞാനിരുന്നു കര-
യേണമോ മരണനാൾവരെ?

*കവി:*

നീലാകാശത്തു വെള്ളിത്തെളിമുകിലിളകീ-
ടുന്നു, പൂർണ്ണേന്ദുബിംബ-
പ്പാലെങ്ങും പെയ്തിടുന്നൂ, തലമുടികളഴി-
ഞ്ഞാടിടുന്നൂ തരുക്കൾ,
ലോലം പാടുന്നിതാ രാക്കുയിലുകളഖിലം,
ഭൂമി നിർവ്വാണഭാവം
കോലുന്നൂ; കേണിടുന്നൂ കവിയുടെ ഹൃദയം:
''നിത്യമോ മുഗ്ദ്ധമേ, നീ''?

*മനുഷ്യൻ:*
ദീർഘമായി നിശിതോഗ്രമായ നഖ-
രങ്ങളോലുമൃഷിപുംഗവ
പ്രാക്തനന്നു മിഴിനീരുറന്നു കണ-

യേറ്റൊരന്നൽ മൃതിപൂകവേ;
നോക്കുകിന്നു, മൃദുവാക്കിവെച്ച വിര–
ലഗ്രമുള്ള സുപരിഷ്കൃതൻ
തോക്കൊഴിച്ചു കൊലചെയ്കയല്ലി സഹ–
ജാതനെഞ്ചഹുരസത്തൊടെ?

*ഭർത്താവ്:*
ഹേ, മൽപ്രേയസി, നിന്നെ വേട്ടതിനുമു–
മ്പങ്ങേതിലിങ്ങേതിലും
നാമല്ലിൽ സ്മരപീഡിതാശയമുണർ–
ന്നുംകൊണ്ടുറങ്ങീടവേ,
കാമിച്ചേ, ''നടിതെറ്റി വീണിടണമേ
നാളെക്കുളിച്ചീടുവാൻ
പോമപ്പോളവളെന്റെ മുന്നി,ലുടനെ
സ്പർശിച്ചിടാ,''മെന്നു ഞാൻ.

*ശിഷ്യൻ:*
തുമ്പിയെശ്ശില ചുമത്തുമാത്മജരി–
ലാറുപേരി,ലൊരു തുമ്പിയിൽ,–
ച്ചമ്പകാംഗരുചി നാളിൽനാളിലുയ–
രും ചിരാത്മസഖിയിങ്കലും,
അംബരത്തെ മധുരീകരിക്കുമുഡു–
രാജിയിൽ,ത്തൊടിയിൽ നട്ട തൻ–
ചെമ്പനീർച്ചെടിയിലും സമാർദ്രമിഴി
വീശി നിൽപ്പു കവി മൽഗുരു.

*ചിത്രകാരൻ:*
മാരിച്ചെഞ്ചോര പെയ്തൂ പലകുറി, പഴയോ–
രിജ്ജഗത്തിന്റെ നെഞ്ച–
ത്തോരോരോ ഭൂപകാളാംബുദഗണമെറിയും
വാൾത്തലപ്പിൻ തിളക്കം;
ഓരോ പേരും പറഞ്ഞൂ ജനതയൊട:– ''വയേ
നിത്യകാല്യോജ്ജ്വലാഭാ–
പൂരം; പക്ഷേ, തമസ്സായൊരു ഞൊടിയിടയാ–
ലെന്നു,–– മെന്നോർമ്മയില്ലേ?

*ചരിത്രകാരൻ:*
പൃഥിവിക്കു സമാന്തരം കുനി–
ഞ്ഞിഴയും ജീവി നിവർന്നുനിൽക്കവേ
ഉദരത്തിനു മീതെയായിത–
ത്തലയെന്നുള്ളതു സാർത്ഥമല്ലയോ?

*വേലക്കാരൻ:*
ചീറിത്താണുയരും കരിങ്കടലിനെ–
പ്പീനോദരത്തിൽച്ചുമ–
ന്നോരീ മൃണ്മയകുംഭമൊട്ടു ദിവസ–
ത്താലേ കുതിർന്നീടവേ
നേരുന്നൂ: നിഭൃതാത്മശാന്തി തരമാ–
വില്ലാ തനിക്കെങ്കിലും,
ചോരും നീർത്തരി ചോരുകാർദ്രസിതപോൽ,–
ത്താനുള്ള കാലംവരെ.

*കവി:*

‘പരുഷസ്വര’മെന്നു ചൊല്ലി ഞാ–
നൊരു മണ്ണട്ട കരഞ്ഞ വേളയിൽ,
‘സ്വരമെൻവരമല്ലിതെ’ന്ന മാ–
ധുരി കേൾക്കാൻ ചെവി മൂകമാകയാൽ.

*നിത്യദുഃഖി:*

ദൂരെത്താരക മിന്നിനിൽപ്പൂ, മഹിതാ–
ദർശോപമം; താഴെയോ
നീറുന്നൂ മമ ഹൃത്ത,തിൽപ്പകലടി–
ച്ചേൽപ്പിച്ച മുൾക്കെട്ടുമായ്;
ഓരോ മുള്ളിലുമെൻ നഖങ്ങൾ മുറുകും–
നേരത്തെ ബോധക്ഷയം
തീരുമ്പോഴുമനക്കമില്ലവ; ദിനം
മായ്ക്കുന്നു താരത്തെയും.

*നിത്യപ്രസന്നൻ:*

മദീയഹൃത്താം കളിമൺചെരാതു
തപ്താശ്രുവാൽപ്പൂരിതമായിരിയ്ക്കേ,
ജീവാനുകമ്പത്തിരി കത്തിനിൽപ്പൂ:
ആപന്നനേ കേവലഭാഗ്യശാലി.

*പാന്ഥൻ:*

കണ്ടേനേതോ കിഴവിയെ വഴി,–
ക്കുഗ്രവർണ്ണാഞ്ചിതപ്പൂ–
ച്ചെണ്ടിൻചൂഴെത്തിറമൊടു തടം
വെച്ച വെൺചായലോടെ,
പണ്ടം കെട്ടി,സ്സുറുമയെഴുതി,–
ഗ്ഗൗരചൂർണ്ണം മിനുക്കി,–
ച്ചുണ്ടിൽച്ചായം തടവിയു,മനാ–
ഘ്രാതമാമല്ലൽപോലെ.

*സാധാരണക്കാരൻ:*

വിശന്നു ചാവുന്നു കരഞ്ഞു കാള–
ച്ചാലിൽക്കിടന്നീ ക്ഷതമർത്ത്യലോകം;
ശവാവകാശത്തിനു നേതൃമുഖ്യ–
രിടഞ്ഞടിപ്പൂ തെരുവീഥിയിന്മേൽ.

*ഗണകൻ:*

ഇനാക്ഷത്തിൽസ്സംവത്സരഗമകച–
ക്രം ചുഴലവേ,
കനക്കെത്തീയാളിഗ്ഗഗനഹൃദയം
ചുട്ടെരിയവേ,
വിനഷ്ടാത്മാനന്ദം ധരണി തിരിവൂ
മണ്ണുരുളപോ–
ലനിർവാണം; കാറ്റുംമഴകൾ പൊഴിവൂ
തദ്രുദിതമായ്.

*ശാസ്ത്രജ്ഞൻ:*

അടക്കവും റാണിയൊടുള്ള കൂറും
പ്രയത്നനൈരത്യവുമുണ്ടു പക്ഷേ,

തേനീച്ചകൾക്കില്ല വിമോചനേച്ഛ,
കാരുണ്യ,മുദ്യുൽപ്രതിഭാവിലാസം.

*ഗ്രാമീണൻ:*

'മാനം ഭൂവിനലിഞ്ഞു തന്നരുളിടും
പീയുഷവർഷം നുകർ–
ന്നാനന്ദാത്ഭുതരോമഹർഷവശനാ–
യൂർദ്ധ്വേക്ഷണം നിൽക്കവേ,
ഞാനോർത്തൂ ഗുരുധർമ്മ'മെന്നു, തണലിൽ–
പ്പാർക്കും തൃണക്കാടിനെ–
ക്കാനൽത്തുള്ളികളൂട്ടിടും പെരുമരം
മന്ത്രിപ്പതായ്ക്കേൾപ്പൂ ഞാൻ.

*അന്വേഷകൻ:*

''അതുള്ളതാണെ''ന്നൊരു കൂട്ട,''രില്ലാ,
പൊള്ളാണതെ''ന്നന്യരുമോതിടുന്നു:
ഉറപ്പെഴും കൂടുകളാണു, രണ്ടി–
ന്നകത്തുമില്ലാ കിളിയെന്നുമാത്രം

*പ്രസാദാത്മകൻ:*

പൊങ്ങുന്ന നീരാവി കുളിർത്ത മാരി–
നീർത്തുള്ളിയായിപ്പൊഴിയുന്നുവെങ്കിൽ,
ആനന്ദബാഷ്പം പൊടിയുന്നതിന്നാ–
ണിദ്ദീർഘനിശ്വാസമുയർന്നിടുന്നു.

*ഭർത്താവ്:*

ക്ഷീണിപ്പു ഞാനെന്റെ ഭുജം മുറുക്കി–
പ്പിടിച്ചെഴും നിർമ്മലരാഗപൂർണ്ണേ,
പ്രസൂതിശൂലവ്യഥ നിന്നിൽനിന്നു
പകർന്നെടുപ്പേനിവനെപ്രകാരം?

*ശുദ്ധാത്മാവ്:*

സഖാക്കളേ, പാവമറിഞ്ഞതെന്തീ
പ്രപഞ്ചതത്വങ്ങളെ നമ്മളൊക്കെ?
ഉണ്ടെന്നു കേൾപ്പൂ മണലിന്നകത്തു–
മൊരായിരം താരകമണ്ഡലങ്ങൾ!

*നിരീക്ഷകൻ:*

അപൂർണ്ണതേ, നിന്നെ ഹസിച്ചിടുന്നൂ
വൈരൂപ്യമെന്നന്ധത പൂണ്ട ലോകം;
നീയോ ചിരിക്കുന്നിതതിന്റെ നേരെ–
സ്സൗഭാഗ്യവത്താം ശശിലേഖപോലെ.

*പ്രസാദാത്മകൻ:*

മീനിന്നു വേണ്ടീടിന വായുവെല്ലാം
ജലത്തിലുണ്ടെന്നതു സത്യമെങ്കിൽ,
നിർഭാഗ്യനെന്നുള്ള പദത്തെ മർത്യൻ
തടഞ്ഞിടട്ടേ നിജശോണിതത്താൽ.

*ചരിത്രകാരൻ:*

മോന്തിക്കുടിക്കുന്നിതനേകകോടി
വർഷങ്ങളായിപ്പൂരുഷാന്തരങ്ങൾ
മതിർക്കുമിജ്ജീവിതദുഃഖ,മത്ര–
യ്ക്കിരട്ടിയാവും തൃഷയോടുകൂടി.

*ശുദ്ധാത്മാവ്:*
ഒരായിരം കക്ഷികൾ; ഏവരും വ–
ന്നർത്ഥിച്ചി''തെ,ന്നിൽക്കനിയേണമേ നീ'',
കനിഞ്ഞു ഞാനേവരിലും – ''കിറുക്ക,''–
നെന്നേവരും കൂവിയതെന്തിനാവോ!
*മനുഷ്യൻ:*
ഒരോമനച്ചെമ്പനിനീരിതെമ്മ–
ട്ടുദ്ഭൂതമായെന്ന ഗവേഷണത്താൽ
മണ്ണായി ഞാ,നെന്റെ ശവപ്പറമ്പി–
ലൊരായിരം ചെമ്പനിനീർ വിടർന്നു.
*അച്ഛൻ:*
''എല്ലാവരും ദുഃഖിത,രാരെയും നാം
തലോടുകീ'',പ്പാഴ്പ്പനയോലയെന്ന്യേ
എന്മക്കളേ, പൈതൃകമായി നേടി–
വെയ്പ്പീല നിങ്ങൾക്കൊരു ചുക്കുമച്ഛൻ.
*കവി:*
പാരത്താമസഗഹ്വരത്തിൽ നിപതി–
ച്ചപ്പോൾ,ക്കുനിഞ്ഞുന്മിഷ–
ത്താരം താരകൾ നോക്കിനിൽക്കെ,മിഴിയും
പൂട്ടിത്തപംചെയ്തു നീ,
ചാരുശ്രീകരമിത്തുടുംപുലരിയെ
ധ്യാനിച്ചു നിശ്ചഞ്ചലം
നീരിൽ –– ത്തണ്ടലരേ, നിനക്കുലകിതി–
ന്നെന്തെന്തു തന്നാൽ മതി!
*കാമുകൻ:*
തല്ലിത്തമ്മിലുരഞ്ഞു മിന്നിയുലയും
കൈവാൾകളുൾത്തിങ്ങുമാ
ത്വല്ലാവണ്യമനോഭിരാമതയുപാ–
സിക്കട്ടെയോ ഞാൻ, ശുഭേ?
ഇല്ലാ പിന്നെയെനിക്കു പേടി, യുലകൊ–
ട്ടാകെത്തകർക്കാവുമേ–
തല്ലൽപ്പാടിനു,മെങ്കി,ലെൻപടി ചവി–
ട്ടുമ്പോൾപ്പനിക്കില്ലയോ?
*ചിന്തകൻ:*
ആനന്ദത്തികവെങ്ങു കാണ്മതവിടെ–
പ്പേടിക്കണം ചിത്തമേ;
താനേ ചെന്നതെടുത്തുപോകരുതു നീ;
കാണാതിരിക്കില്ലഴൽ:
ചേണോലും മണമൂത്തു വീശിടുമിളം–
കൈനാറിതൻചോട്ടിലായ്–
ക്കാണാറുണ്ടു പടം വിരുത്തിനിലവാ–
മൂക്കൻവിഷപ്പാമ്പിനെ!
*സപത്നി:*
ഖേദിച്ചൂ പഴമപ്പടുംഗുഹയിൽ ഞാൻ
ഭൂജാതയായ്ക്കാണ്കവേ,
മോദിച്ചൂ പരമെന്നെ വേൾപ്പതിനൊരാ–
ളുണ്ടെന്നറിഞ്ഞീടവേ,
ബോധിച്ചൂ ചതി പിന്നെ ഞാനൊരു സപ–

ത്നീഭാവമാർന്നീടവേ,
ബാധിച്ചൂ ഹൃദി നിസ്സഹായത, ജവാൽ
ഭ്രാന്തത്തിയായ്ത്തീർന്നു ഞാൻ.
*മനുഷ്യൻ:*
കൊഞ്ചിപ്പുഞ്ചിരിതൂകി നർത്തനമുതിർ–
ത്തീടും കിടാവിന്നെഴും
പിഞ്ചാത്മാവിനു തുല്യമില്ലിളയിതിൽ–
പ്പൂജാർഹമായൊന്നുമേ!
തഞ്ചുന്നുണ്ടതിലന്നു കേവലമനു–
ഷ്യത്വപ്രഭാമണ്ഡലം;
തഞ്ചുന്നില്ല മതപ്രഭേദവുമതിൽ–
ക്കക്ഷിപ്രഭേദങ്ങളും.
**ഭാരതീയൻ**
കൈവന്നൂ ഭാരതത്തിന്നഖിലദുരിതനി–
ഷ്ക്രാന്തിയേതിങ്കൽനിന്നാ–
ക്കൈവല്യജ്ഞാനമുദ്രാങ്കിതകരുണ വിള–
ങ്ങുന്നു തെക്കോട്ടു നോക്കി
കൈലാസോത്തുംഗകോടിപ്രചുരിതവടമൂ–
ലത്തിൽ യോഗാസനത്തിൽ–
ക്കൈതപ്പൂച്ചന്തമോലും യുവസുഭഗതയായ്
ദക്ഷിണാമൂർത്തിയായും.
**രോഗി**
ദീനപ്പായിലുരുണ്ടു കേണു മിഴിനീർ
ചിന്നുമ്പൊഴോർപ്പേൻ, മരി–
ക്കാനും വയ്യഖിലേശ്വരന്റെയനുവാ–
ദം വന്നുചേരും വരെ;
ഊണില്ലാതെയുറങ്ങിടാതെ കഷണി–
ച്ചെന്നെത്തലോടും പ്രിയേ,
ഞാനീ മംഗലസൂത്രമൊറ്റവലിയിൽ–
പ്പൊട്ടിച്ചെടുക്കട്ടെയോ?
**ചെമ്പോത്ത്**
ഭക്ഷിപ്പേനഗ്നിയല്ലോ പകൽ മുഴുവനിവൻ,
രാത്രി കോരിക്കുടിപ്പേ–
നക്ഷാമം പ്രാണനാളീവ്യസനശമകരം
വെണ്ണിലാവിച്ചകോരം,
ശിക്ഷിക്കുന്നെന്തിനെന്നെത്തലമുറക,'ളിവൻ
ചൂഴ്ന്നെടുക്കുന്നു പാമ്പിൻ
ചക്ഷുസ്സെ'ന്നേഴുനാൾ ഞാൻ കരയുകിലകലെ–
പ്പോകുമേ കാലവർഷം!
വൃദ്ധൻ
പ്രായം സപ്തതിയാകിലും തരികയി–
ല്ലെന്നോ സുഖം ദൈവമേ,
പായിൽപ്പോലുമുറങ്ങുവാനനുവദി–
ച്ചീടാത്തതെന്താണു നീ?
ചായുന്നൂ വഴിയമ്പലക്കൊതുകിനൂ–
ണായിട്ടു താനിപ്പൊഴും
വായയ്ക്കും വയറിന്നുമുള്ള വഴിപാ–
ടായ്ത്തീർന്ന മജ്ജാതകം.

അനുവാചകൻ
പണ്ടേ സർവ്വജ്ഞപീഠം, കയറിയ കവിതേ,
ദേവി ജീവിച്ചിരിക്കു–
ന്നുണ്ടിന്നും പുണ്യചൂർണ്ണീകരപരിചരിതം
കാലടിപ്പാടിലല്ലി?
കണ്ടേ, നാദ്യം ജഗത്തിൽബ്ഭവതിയുടെ നിഗൂ–
ഢേച്ഛതൻ സൂര്യകാന്തി–
ച്ചെണ്ടായി ജ്ഞാനപീഠക്കൊടുമുടി കയറീ
ശങ്കരൻതന്നെയല്ലോ.
മനുഷ്യൻ
ചായക്കോപ്പയുയർന്നു ചുണ്ടിലുരസു–
മ്പോഴേക്കതിൽ കാണുമാ–
റായീ ചത്തൊരു മക്ഷികേ, തവ ജഡം;
താഴത്തു വെയ്ക്കുമ്പൊഴോ
പായുന്നുണ്ടൊരു മിന്നലെന്നിരുളിൽ, ‘ഞാ–
നെന്നോ മഹാനിദ്രയിൽ–
ച്ചായുമ്പോൾത്തനു ചെന്നുവീണശുചിയാ–
ക്കായ്കേതു പാനീയവും!’

# പാശ്ചാത്യ സഞ്ചാരികൾ

## ഭൂമി

ദേവമാർഗ്ഗവും പാരാവാരവും ‘ധരണി നി–

ർജ്ജീവ’മെന്നാക്ഷേപിച്ചാലായതൽപ്പത്വംതന്നെ!

അവർതൻ പൊരുളേറെക്കണ്ടതാണല്ലോ ഭൂവേ,
തവ ജീവനിൽനിന്നു കത്തിയ തിരിയാം ഞാൻ.

അംബരം തപസ്സാലെന്നാദരം വരിച്ചപ്പോ–
ളംബുധി വിക്ഷോഭത്താലാർജ്ജിച്ചിതെൻ വാത്സല്യം.

എങ്കിലും, കണ്ടീല ഞാനമ്മതൻ വദനത്തിൽ–
ത്തങ്കുമീയുത്തേജക സൗഭാഗ്യമെങ്ങും വേറെ!

ഊഊഊ

കോടാനുകോടിപ്പിഞ്ചുമക്കളെച്ചൊല്ലി, സ്നേഹ–
ച്ചൂടിനാൽ നിർന്നിദ്രമാം നിന്റെ കൺകുഴികളിൽ

ആദ്യത്തെയമീബയെ പ്പെറ്റന്നുതൊട്ടേ നിൽപ്പു–
ണ്ടാദർശതപഃക്ഷോഭപൂർണ്ണമീയഴകൊക്കെ.

നിസ്തന്ദ്രസർഗ്ഗോന്മേഷ നിർഭരക്ഷമേ, നിന്നാ–
ലസ്തിത്വം പൂണ്ടോരിന്നു ചിരിച്ചാൽച്ചിരിച്ചോട്ടേ.

## പ്രചോദനം

മനതാരുണർന്നു ഞാനിന്നലെപ്പാടീ ഞാനാം

മണിവീണയിൽസ്സിരാകൂടമാം തന്ത്രീബന്ധം

മുറുകി സ്പന്ദിക്കുമാറാകാശപ്പരപ്പേ, നിൻ–
വിരികൺകളിൽക്കണ്ണീ രൂറുമാറത്യുച്ചത്തിൽ.

അതിമോഹനമായ സന്ധ്യതൻ നാനാവർണ്ണ–
മുതിരും വലാഹകമുഗ്ദ്ധലാസ്യത്തെപ്പോലെ

എന്നിൽനിന്നുണ്ടായ്പ്പൊങ്ങിപ്പറന്നൂ നിന്നുൾത്തട്ടി–
ലിന്നലെ സ്നേഹോജ്ജ്വല സങ്കൽപ്പസൗഭാഗ്യങ്ങൾ.

വേർപറിഞ്ഞിന്നേയ്ക്കവയെങ്ങു പോയ്!–തരിശല്ലോ
വേദനമൂടും മമാശയമീ നിശീഥത്തിൽ!

ഀഀഀ

അത്രമേൽ സർവ്വംകഷമത്രമേലഗാധമീ–
യുൾത്രാസമെന്നംഗത്തെ മുച്ചൂടും തളർത്തുമ്പോൾ,

എന്നിലീപ്പരിസരം നട്ട വിശ്വാസത്താലേ
പിന്നെയും വിടരുന്നൂ ദിവസം മുന്നേപ്പോലേ

# മൂന്നാം തലമുറ

വാനിലെഗ്ഗോളങ്ങളേ, നിങ്ങളിബ്ഭൂലോകത്തു

വാണിടുമെന്നെപ്പോലും ഭരിക്കുന്നുണ്ടെന്നല്ലോ

ക്രാന്തദർശിയായ്ച്ചൊന്നൂ മിനിഞ്ഞാന്നെൻമുത്തച്ഛൻ;
''ഭ്രാന്തെ''ന്നു പൊടുന്നനെച്ചിരിച്ചേപോയെന്നച്ഛൻ.

ഇന്നത്തെ ഞാനോ പക്ഷേ, കണ്ടുനിൽപ്പല്ലോ: സൂര്യ–
നെന്നൊരത്ഭുതഗോളം കത്തിക്കൊണ്ടിരിക്കായ്കിൽ

ചത്തകളത്രേ കൃമി, സസ്യവും, തിര്യക്കു,മീ
മർത്ത്യനും; ശേഷിക്കുന്നൂ കേവലസ്വാപംമാത്രം.

ഀഀഀ

അപാരമകാരണമാദ്യന്തശൂന്യം നിൽപ്പാ–
ണാകാശമനാഘ്രാതനിത്യയൗവനംപോലെ;

അവൾതൻകരളിലെത്തേജസ്ഥി ശോഭിക്കുന്നു–
ണ്ടമലപ്രേമോദാരത്യാഗത്തിൻ ലയംപോലെ.

ഞാനതിന്റേതാമൊറ്റത്തുടിപ്പാം; ചൊല്ലാനഭി–
മാനമു''ണ്ട,ച്ഛാ, മുഴുഭ്രാന്തനല്ലെൻ മുത്തച്ഛൻ.''

# മഹാബലി

അധികാരത്തിന്നായിത്തങ്ങളിൽക്കലഹിക്കു–

മരുമക്കിടാങ്ങളിക്കേരളീയരെൻ നേരെ

സ്നേഹവൈവശ്യത്തോടെപ്പുഞ്ചിരി പൊഴിക്കുമ്പോൾ,

മോഹനസുമങ്ങളെൻ മൂർദ്ധാവിൽ വർഷിക്കുമ്പോൾ,

ഓണവില്ലടിച്ചോണപ്പാട്ടു പാടിയുമെന്നെ
യോമനിച്ചമൃതൊത്ത പൂവട നേദിക്കുമ്പോൾ,

പട്ടുനാക്കിലയിന്മേലിരിപ്പേനിമയൊന്നു
വെട്ടാനുമാവാതശ്രുപൂർണ്ണമാം മൗനത്തോടെ.

ൟൟൟ

പൂവട നേദിക്കും കൈപ്പടത്തിൽക്കാണ്മൂ ഭ്രാതൃ–
ജീവരക്തമെന്നെമ്മട്ടിവരോടുരയ്ക്കും ഞാൻ?

എങ്ങനെ ഭുജിക്കുമീ നൈവേദ്യം? ഭുജിക്കില്ലെ–
ന്നെങ്ങനെ ശഠിക്കും? ഇദ്ധർമ്മസങ്കടത്തോടെ

മൃത്തുപോൽ നടുമുറ്റത്തിരിപ്പേൻ; തനയരോ,
മുത്തിനാൽപ്പരസ്പരസ്പർദ്ധയും മറന്നല്ലോ!

# ഒരു സുഹൃത്ത്

ആരെ ഞാൻ ഞാനെന്നോർത്തൂ ചിര,മസ്സുഹൃത്തെന്നെ

വേറൊരാളായിക്കണ്ടാനെന്നു ഞാനറിഞ്ഞപ്പോൾ,

ചിറകുണ്ടാകെപ്പറന്നകലും [1]പരപുഷ്ട–
ക്കുരുന്നിൻ ഞേട്ടംകൊണ്ടോ [2]രേകദൃഷ്ടിയോടൊപ്പം,

തല ചുറ്റിപ്പോയെനിക്കു:–തിർന്നേപോയോ മണൽ–
ത്തരിയായ്പ്പെട്ടെന്നെൻ കാൽക്കീഴിൽനിന്നിബ്ഭൂഗോളം?

വീണു ഞാൻ പായിൽ,ക്കൺകളടഞ്ഞീലാ രാവിൽ, അ–
ന്നാണു രാക്കുയിൽപ്പാട്ടിൽ കേട്ടു ഞാൻ വിഷവീര്യം!

ൟൟൟ

പിറ്റേന്നു കാലത്തോതീ രസബിന്ദുപോലെന്റെ
മുറ്റത്തു നൃത്തംചെയ്യും [3]പരഭൃത്തലിവോടെ:

''പതിനായിരം കുറിമാപ്പാക്കിവിട്ടൂ ഞാനി–
പ്പരപുഷ്ടത്തെ,ക്കടിച്ചിറക്കീ ഹൃൽക്ഷോഭത്തെ;

ആകയാൽ,[4]ച്ചതുർഗ്ഗുണാലങ്കൃതനെനിക്കിന്നും
ലോകജീവിതമൊരു മാദകോത്സവം തന്നെ!''

# ഒരു മിന്നാമിനുങ്ങിനോട്

എന്നെയോ ചെറുമിന്നാമിനുങ്ങേ, തിരയുന്നു?

നന്ദിയുണ്ടി,താ ഞാൻ നിൻകണ്ണിന്റെ ചോട്ടിൽത്തന്നെ.

കട്ടിലിൽക്കണ്ണുംമിഴിച്ചിങ്ങനെ കിടപ്പേനി–
ക്കട്ടിക്കൂരിരുൾക്കുണ്ടാം വാടകപ്പുരയ്ക്കുള്ളിൽ.

ജോലിയീ നഗരത്തിലല്ലി മേ? നാട്ടിൽപ്പോയീ
സ്കൂളടച്ചപ്പോളെന്റെ കാന്തയും കുഞ്ഞുങ്ങളും.

പോയതും നന്നായ്; ഗ്രാമീണാംബരത്തിലെശ്ശുദ്ധ–
വായുവും ശ്വസിക്കാവൂ ശൈശവം കൂടക്കൂടെ.

ഊഊഊ

ഇമകൂമ്പിടാക്കണ്ണാലവർതൻചിത്രംവര–
ച്ചിരവിൻശൂന്യോദരം നിറയ്ക്കാൻ ക്ലേശിക്കെ ഞാൻ,

എവിടുന്നെത്തീ ലഘുസ്പന്ദമേ, സ്നേഹം പോലെ–
സ്സുവിനീതമീ ഞെക്കുവിളക്കും പിടിച്ചു നീ?

അറയും നിറച്ചല്ലോ ഹരിതാഭ വന്നെന്നു–
ള്ളറയും പ്രളയാന്ധ്യപ്പിൻനിലാവലപോലെ!

# കുറ്റമെന്ത്?

രോഗമെൻവയർ കടിച്ചറുത്തീടവേ, നോവിൻ–

വേഗമെൻസിരകളെത്തളർത്തീടവേ, പായിൽ

ദീനദുസ്വപ്നം കണ്ടുഞെട്ടിയും മയങ്ങിയും
ഞാനൊരു കുംഭീപാകനരകം സ്വദിക്കവേ,

ഉരുകുമാത്മാവിന്റെ ലാവയിൽക്കുതിർന്നതാ–
മുപധാനമെൻ കൈയിൽക്കിടന്നു ഞെരിയവേ,

ചോദിച്ചേ, ''നെന്തെൻ കുറ്റം, ദൈവമേ? സബോധം ഞാൻ
വേദനിപ്പിച്ചീലല്ലോ കട്ടുറുമ്പിനെപ്പോലും?''

ഊഊഊ

പായിലൂടരിച്ചൊരുവത്സരം പോയീ പെരും–
പാമ്പുപോൽ, കൈമുട്ടൂന്നിമെല്ലെ ഞാനെഴുന്നേറ്റു,

ഇത്തിരി വറ്റീ ലാവാസ്രുതിയും; പക്ഷേ, ജീർണ്ണി–
ച്ചിപ്പൊഴുമൊരു മുക്കിൽക്കിടപ്പാണുപധാനം.

അതിലാ പ്രശ്നം നിൽപ്പാണൽപ്പവും വറ്റീടാതെ
ക്ഷിതിതന്നനശ്വരമൂകരോദനംപോലെ!

# മൂകപ്രതിജ്ഞ

ഉന്നിദ്രം പിടയുന്നൂ സുവിശാലാകാശമേ,
കണ്ണീർപൂണ്ടെന്നാത്മാവിൻ പങ്കിലഗരുത്തുകൾ

നിന്നഗാധതയിങ്കൽ, സ്നിഗ്ദ്ധനീലൗന്നത്യത്തിൽ,
മിന്നിടും തേജഃപടലങ്ങളിൽ വിഹരിപ്പാൻ.

നിത്യസുന്ദരകലാവർണ്ണസങ്കുലമായ
നിന്റെ നിർവൃതികരസ്രോതസ്സിൻ നുരച്ചാർത്തിൽ

താണുയർന്നൊഴുകുമ്പോളേതൊരു ചളിയുള്ളൂ
മായാതെ, സ്വച്ഛോദാരമായിടാതെന്തൊന്നുള്ളൂ?

ഊഊഊ

എങ്കിലും, പിടയുന്ന മാമകാത്മാവിൻ മൃദു–
പങ്കിലപാദങ്ങളിൽക്കുരുങ്ങിക്കിടപ്പല്ലോ

ഞാനെന്ന വിശ്വാസത്തെസ്സൃഷ്ടിച്ച മണ്ണിൻസ്നേഹം–
ദീനമായെന്നാലതിക്രൂരമായള്ളും സ്നേഹം.

കുതറുമാത്മാവിൽനിന്നുതിരം തെറിക്കുന്നു;
കഥ ഞാനാരാരോടും ശബ്ദിക്കാതിരിക്കട്ടെ.

# കവിത വരാഞ്ഞിട്ട്

ആരുടെ സംയോഗത്തിൽജ്ജാഗരംകൊള്ളുന്നൂ ഞാ–
നാരുടെ വിയോഗത്തിലുറങ്ങിക്കിടക്കുന്നൂ,

പോയിതാക്കാവ്യാംഗന; മുക്തവാതത്താൽ ത്യക്ത–
മായ കന്ദുകംപോലെപ്പതിച്ചൂ ഞാനീ മണ്ണിൽ.

പോയതു താന്തോന്നിത്തം; എന്നിട്ടുമിരിപ്പൂ ഞാ–
നായിരം രമ്യങ്ങൾതൻ നടുവിൽസ്സന്യസ്തനായ്

രാവണഹൃതയായ സീതയെ പ്രതീക്ഷിച്ചു
രാമനാ ത്രേതായുഗപർണ്ണശാലയിൽപ്പോലെ.

ഊഊഊ

എങ്കിലുമങ്ങിങ്ങോരോ നരച്ച രോമം കാണ്കെ–
യെന്നിലെബ്ഭഗ്നാശയിൽക്കൊടുങ്കാറ്റിളകുന്നു.

‘‘ഇത്ര നിഷ്ഠൂരയോ നിർവൃതിവർഷിണി?’’ തപ–
സ്സിദ്ധിതൻ കമണ്ഡലു പൊക്കി ഞാൻ ഗർജ്ജിക്കുന്നു,

‘‘അറിയൂ: പൊന്മാനിന്റെ പിന്നാലെപ്പോയെന്നില്ലൊ–
രപരാധം മേ; ഇനിയൊക്കെ നിന്നിഷ്ടംപോലെ.’’

# ജീവിതം കുളിർതന്നെ

ഉണ്ടൊരു തച്ചൻ; കളിക്കോപ്പുകൾ നിർമ്മിപ്പതി–
ന്നുണ്ടായീലവന്നുള്ള കൈവിരുതാർക്കും വേറെ.

ഓർമ്മവെച്ചന്നേതൊട്ടു കേൾക്കുന്നു ഞാനാബ്ബുദ്ധി–
കൂർമ്മയെപ്പറ്റി,ക്കാണ്മേനക്കലാശിൽപ്പങ്ങളെ.

സസ്യരൂപത്താൽത്തിര്യഗ്രൂപത്താലാൾരൂപത്താൽ
സത്വരനവൻ ചേർപ്പൂ നിത്യമാമാശ്ചര്യം മേ:

കൊത്തുന്നുവല്ലോ വീരനേതിലും സാമ്യം; പക്ഷേ,
കൊത്തിടാതില്ലാതാനുമൊന്നിലും നവീനത്വം!

ഊഊഊ

എങ്കിലും ശങ്കിക്കുകയാണു ഞാൻ: തകരുന്നൂ
തൻകളിക്കോപ്പെന്നഴൽക്കൊള്ളുമാറില്ലേ ശിൽപ്പി?

അഥവാ, നിർമ്മാണൈകലോലുപൻ കാണ്മില ത–

ന്നരുമക്കളിക്കോപ്പിൻ നാശമെന്നാവാം സത്യം.

ആളുവിൻ വിനകളേ, പാളുവിൻ ആത്മാവിലെ–
ത്താളമുൽബ്ബണമെങ്കിൽ ജ്ജീവിതം കുളിർതന്നെ.

# ബ്രഹ്മാവ്

ഘോരമൂകതപോലാമാദിശൂന്യതയിങ്കൽ–

ക്കാരണജലനീലനിഷ്പന്ദതലത്തിങ്കൽ

മൊട്ടിട്ടൂ ചിരാലൊരു തൂവെള്ളനീർപ്പൂവെ,ന്നി–
ട്ടെട്ടിതളുകളായിപ്പിരിഞ്ഞുവികസിച്ചൂ.

വിധിയാ മലർത്തട്ടിൽ ജ്ജനിച്ചൂ, മെല്ലേ മെല്ലേ
വിടരും മിഴികളാലുഴിഞ്ഞൂ പരിസരം.

കന്ദമേതിക്കാണായ ബോധമേഖലയ്ക്കെന്ന
ചിന്തതന്നസ്വാസ്ഥ്യത്താൽ സ്തബ്ധമായ്ത്തീർന്നൂ നോട്ടം.

ഊഊഊ

ആരാഞ്ഞു ചെന്നാൻ ക്രമാൽക്കീഴോട്ടാ മൂണാളത്തി–
ന്നോരോരോ തുളകളിലൂടെയുമറ്റത്തോളം;

ഓരോന്നിൽനിന്നും തിരിച്ചലരല്ലിമേൽത്തന്നെ–
യേറിവന്നിരുന്നാനും മുഴുമൂഢനായ്ത്തന്നെ.

അടഞ്ഞൂ മിഴി; തന്നിൽക്കണ്ടെത്തീ സർഗ്ഗാവേശം;
അതിലാഴവേ ചോദ്യം മറന്നൂ; പൂകീ ശാന്തി.

# സ്വപ്നഭുക്ക്

സ്വപ്നഭുക്കോ ഞാൻ കുഞ്ഞേ? സമ്മതം; നന്നാക നീ;

സ്വപ്നഭുക്കായിത്തന്നെ മരിക്കാൻ ഞാനാശിപ്പൂ.

ആരെയുമുപദ്രവിച്ചീടുവാനില്ലാ മോഹം,
ആരൊടും വക്കാണിച്ചീടാനുമില്ലെനിക്കിഷ്ടം.

ദുഃഖിതന്മാരെത്തഴുകീടുവാൻ വെമ്പുന്നു ഞാൻ,
ദുഃഖകർത്താക്കന്മാരോടലിവിന്നിരക്കുന്നു.

ഈവിധം തീവ്രസ്നേഹതപസ്യോന്മുഖനൊരു
ജീവിയിന്നെന്തേ നിന്നാൽപ്പരിഭൂതനായ്ത്തീരാൻ?

എന്റെ നേർക്കെറിയാം നിന്നരുമശ്ശകാരങ്ങ–
ളെന്തുമേ; നേരെന്നിട്ടും നേരായി നിൽപ്പൂ, കുഞ്ഞേ!

മരിക്കും ഞാനും നീയും വർഷങ്ങൾക്കകം; വീണ്ടും
പിറക്കും ജനം രത്നഗർഭതൻമടിത്തട്ടിൽ.

അവരോർത്തിടുമേവം, ''സ്വപ്നഭുക്കായാലെന്താ–
ണവനിൽത്തങ്ങീ ബ്രഹ്മഗോളത്തിൻ നോവൊട്ടാകെ.''

## പുഴു

ഞാനൊരു പുഴു; നോക്കൂ, ഭൂമിതൻ മുതുകത്തു
വീണു ഞാൻ കമിഴ്ന്നിതാ വടിപോൽ കിടക്കുന്നു!

ആവതില്ല മേ അനാദ്യന്തകാലമേ, ഒറ്റ–
ത്തൂവലും തവോത്തുംഗകാഞ്ചനകോടീരത്തിൽ

ചാർത്തുവാൻ, എഴുന്നേൽക്കാനസ്ഥിയില്ല,കം നിന്റെ
മൂർത്തചൈതന്യത്താലേ ശുചിയാക്കുവാനാട്ടേ

നേരവുമില്ലാ: ഹ്രസ്വം ജീവിതം, ബലം തുച്ഛം,
പാരിലെച്ചതുഷ്ടയധർമ്മമേ മഹാഭാരം!

എന്നിട്ടും പൊടിവീല കണ്ണുനീർ; ഗിരികളെ–
യെന്നപോൽ സ്വധർമ്മരേണുക്കളെത്താണ്ടിപ്പോകേ

ഞാനരിച്ചേടത്തെല്ലാമക്ഷരങ്ങളെക്കാണ്മൂ
മാനവരെന്നോർത്തുള്ള ഗർവ്വമല്ലതിൻ ഹേതു.

ഉണ്ടൊരാശ്വാസം: ഹ്രസ്വമെന്റെ വാഴ്വങ്ങയ്ക്കായി–
ട്ടുള്ളൊരു സുദീർഘമാം നമസ്കാരമാണല്ലോ!

## ദുർബ്ബലനിമിഷം

ഉദരത്തിലെ ക്രൂരരോഗമേ, ചിരാലെന്റെ
രുധിരത്തിലെക്കർമ്മശക്തിതന്നുത്സാഹത്തെ

അരിച്ചു കുടിപ്പു നീ നീരാളിപോലെ;–ക്ഷ്ടം,
മരിച്ചു കിടപ്പിതോ ഞാനെന്റെ മുന്നിൽത്തന്നെ?

പാതിയായ് നിൽക്കും കർമ്മം വിളിക്കും വിളി കേട്ടെൻ–
ചേതന മതിർക്കവേ കരൾ കോൾമയിർക്കൊൾകേ

പിടയാറുണ്ടേ ദീപ്രഭാവന, തമസ്സിന്റെ
മടയിൽത്തലചുറ്റി വീണുപോകുന്നൂ പക്ഷേ.

ആയിരം ഭിഷഗ്വരരില്ലയോ ചുഴെ,പ്പതി–
നായിരം മരുന്നുമീ വിസ്തൃതഭൂഗോളത്തിൽ?

വെല്ലുന്നുണ്ടലോപ്പതി, ഹോമിയോപ്പതി, ആയു–
ർവ്വേദവും, യുനാനിയും, കൂനിയും, തമ്മിൽത്തമ്മിൽ!

ൟൟൟ

ഫലമെന്തി,ന്നും പച്ചപ്പാമരനത്രേ വൈദ്യൻ
ബലവത്തരക്രൂരവ്യാധിതൻ നിഴലേൽക്കേ!

## തിരഞ്ഞെടുപ്പിന്നു മുമ്പും പിമ്പും

അരയിൽച്ചേരും കീറക്കോണത്താലിരട്ടിപ്പോ–

രിരുളിന്നിരുളായ നഗവാർദ്ധക്യത്തോടെ

അന്നൊരു വിരൂപനെക്കണ്ടു ഞാൻ പരിഷ്കാര–
പ്പൊന്നുകൊണ്ടുടുപ്പിട്ട തെരുവീഥിതൻ വക്കിൽ.

ഉച്ചവെയ്‌ലറിഞ്ഞീലാ തൊട്ടിയിൽത്തല പൂഴ്ത്തി–
യെച്ചിലിൽ സ്വന്തം നാവാൽച്ചുരമാന്തുമാജ്ജീവി.

സമ്മതിദാതാക്കൾക്കായ് ശിഷ്ടോപദേശം പാടി–
സ്സഞ്ചരിച്ചീടും കാറിൻ ഹോറനും കേട്ടീലവൻ.

ഊഊഊ

കഴിഞ്ഞൂ തിരഞ്ഞെടുപ്പീ; രാവിൽക്കണ്ടേനിന്നു
കരയും പേമാരിതൻ        കീഴിൽ ഞാനുഴയ്ക്കുമ്പോൾ,

തൊട്ടിയെപ്പിടികൂടാൻ ചാടിയും വീണും ഗതി–
കെട്ടു കേഴുന്നുണ്ടൊരു പൈതലാക്കവലയിൽ

ആവിലമെന്തിന്നുണ്ണീ? വരുന്ന തിരഞ്ഞെടു–
പ്പാവുംമുമ്പുയർന്നെത്തും നിൻ കൈയുമെച്ചിൽത്തുമ്പിൽ!

# ഉപ്പും ദാഹവും

ഉപ്പാഴിവക്കിൽപ്പെറ്റു വീണവൻ, ദാഹിക്കുമ്പോ–
ളുപ്പുവെള്ളമേ കോരിക്കുടിച്ചു മുതിർന്നവൻ,

വളരും ദാഹത്തിന്നു        കാരണം തേടിത്തേടി
വലയും വലച്ചലിൽത്തൻ തല നരച്ചവൻ

കാൺകയാണിപ്പോൾ, (പാരിലേതുൽബണാശാപുഷ്പം
കായ്ക്കാതെയുള്ളു?) ''ദാഹമുപ്പിൽനിന്നുണ്ടാവുന്നു!''

ഉപ്പുവെള്ളത്തെപ്പാടേ വർജ്ജിപ്പാനായീ പിന്നീ–
ടുദ്യമം; നേടീ ലക്ഷ്യമപ്പൊഴും നിത്യോത്സാഹി

ഊഊഊ

ഇന്നവൻ കുടിക്കുന്നു പൃത്ഥ്വിതൻമുലക്കണ്ണിൽ–
നിന്നുറന്നൊലിക്കുന്ന നിർമ്മലോത്സാഹംതന്നെ.

അതിലുണ്ടനവദ്യദാഹശാന്തിയോടൊപ്പ–
മരണ്യോഷധീസാരചിരയൗവനങ്ങളും.

ശരിതാൻ, ഇപ്പോൾപ്പക്ഷേ, വാങ്ങാറുണ്ടദ്ദേഹം ഊ–
ണരിയോടൊപ്പം കുറച്ചുപ്പുകല്ലെ,ന്തിന്നാവോ!

# കിണറിനു നന്ദി

വിണ്ണിലെജ്ജലദത്തിൻ കനിവാൽജ്ജൃംഭിക്കെ,ച്ചെ–
മ്മണ്ണിനാൽക്കലങ്ങവേ, പാഞ്ഞുപോം നിള ചൊല്ലീ:

''എന്നുപാന്തത്തിൽച്ചിരന്തനമാനവലോകം
പുന്നെല്ലുപോലേ സ്ഥിരസംസ്കൃതികൊൾവൂ ഭദ്രം.

അവരെത്തലമുറതോറുമേ സേവിപ്പതി–
ലധികം വരിഷ്ഠമാം കർമ്മമെന്തുള്ളൂ വേറെ?

ആന്ധ്യത്താൽസ്സങ്കോചിച്ചതാണെടോ കിണറേ, നി–
ന്നാശയം, അല്ലെങ്കിലോ ലയിച്ചീടുകിന്നെന്നിൽ!’’

ൗൗൗ

കിണറുത്തരം ചൊല്ലീലൊന്നുമേ; ‘ശരി’യെന്നു
കുണുങ്ങീ പൂവും കായും ചൂടിയ സസ്യവ്രാതം

ആളുകളാട്ടേ, പുത്തൻഞാറുകൾ നടും തിര–
ക്കാകയലാറ്റിൻമൊഴി കേട്ടുമില്ലെ:ങ്കിൽക്കൂടി

ചെടികളുണങ്ങവേ, പുഴവറ്റവേ, തെളി–
ക്കുടിനീർ ചുരത്തിയ കൂപത്തൊടോതീ നന്ദി.

# ഉണ്ണി വളർന്നു

വിഷുവൽപ്പുലരിയിൽ ക്കണികണ്ടെഴുന്നേറ്റു
വിടരും മിഴികൊണ്ടു നോക്കി ഞാൻ പ്രപഞ്ചത്തെ,

കാതടപ്പിക്കും പൊട്ടിത്തെറിയില്ല,തിൻ നാസാ–
ഭേദിഗന്ധവും; അസാധാരണംതാനീ വർഷം![1]

എരിയും തീകൊണ്ടുള്ള കളിയാൽത്തൻകൈ പൊള്ളി–
ക്കരയും ചരിത്രത്തെപ്പിന്നിട്ട നരനിപ്പോൾ

തരിശാം പ്രയത്നത്തിൽ ധർമ്മത്താൽച്ചാലുണ്ടാക്കി–
യെറിവൂ പത്തായിരം ഗുണമാം[2] തനിസ്നേഹം!

ൗൗൗ

ഇയ്യിടെച്ചാറീടിന മഴയാലല്ലാ ഭൂവിൻ
മെയ്യിൽ നാം കാൺമൂ ഹരിതാഭമാമിമ്പം നീളെ,

ഇരുത്തംവന്നൂ മൂത്ത കണ്ണിലുണ്ണിക്കെന്നോർക്കെ–
ക്കുരുക്കും ശശ്വത്തായ രോമഹർഷത്താലത്രേ!

കതിരോനപ്പോഴുള്ളിൽത്തൂവെളിച്ചമാർന്നെത്തി–
ക്കമിഴ്ത്തീടുന്നൂ കൈകളുണ്ണിതൻ മൂർദ്ധാവിങ്കൽ.

# കവിക്കുള്ള കത്ത്

*(എന്റെ മാന്യസുഹൃത്തായ മഹാകവി ശ്രീ. വൈലോപ്പിള്ളിയുടെ ‘ഋശ്യശൃംഗൻ’ എന്ന നാടകീയകാവ്യം വായിച്ചപ്പോളുണ്ടായ മാനസോൽഫുല്ലത ആയിടെത്തന്നെ ഞാനദ്ദേഹത്തിന്നെഴുതിയ ഒരു കത്തിൽ പ്രതിബിംബിച്ചു. മറുപടിയിലദ്ദേഹം ‘‘ത്വാദൃശന്മാർതൻതോളിൽക്കൈയിട്ടു നിൽക്കാനെന്നും സാധിച്ചാൽ സന്തൃപ്തൻ ഞാൻ’’ എന്നർത്ഥം വരുന്ന എന്തോ എഴുതി. അതു വായിച്ചപ്പോൾ പെട്ടെന്നെന്റെ മനസ്സിൽ ഉറകൂടി വന്നതാണ് ഈ കവിത.)*

കശ്യപാന്വയതപശ്ശക്തിയും മാൻപേടതൻ–
വശ്യഭംഗിയും ചേർന്ന നിത്യസർഗ്ഗാവേശമേ,
‘‘ത്വാദൃശന്മാർതൻതോളിൽക്കൈയിട്ടു നിൽക്കാനെന്നും

സാധിച്ചാൽ സന്തൃപ്തൻ ഞാ'' നെന്ന കൈപ്പടയോടെ

താവകലിഖിതമിന്നാഗതമാകേ, ദ്യോവു–
മാവിലമായെൻ പൊട്ടിച്ചിരിതൻ കലമ്പലാൽ:

കരമെൻതോളിൽച്ചുറ്റി നിൽക്കുകിൽപ്പൊന്നേ, നിന്റെ
പിരടി കടഞ്ഞുപോമെന്നു ഞാനോർപ്പിക്കട്ടെ.

കാതലാൾ സമ്മാനിച്ച കോഹിനൂർപോലേ, ഭവൽ
ക്കായിതം സ്മൃതിക്കുള്ളിൽപ്പൂട്ടിവെച്ചോർത്തേൻ വീണ്ടും:

അഥവാ, നീയെൻ തോളിൽക്കൈചുറ്റി നിൽക്കുംനേര–
മറിയില്ലല്ലോ നട്ടെല്ലൊടിയും തുയിർപോലും;

എന്നോമല്ക്കുഞ്ഞിൻതോളിൽ കൈയിടാൻ കനിയുമ്പോ–
ളെന്നുമെൻനട്ടെല്ലാർന്നതുയരും കരുത്തത്രേ.

*(ഇതു വായിച്ചിട്ട് ശ്രീ: വൈലോപ്പിള്ളി രചിച്ച 'കവിക്കു മറുപടി!'' എന്ന
കവിതകൂടി പ്രകൃതത്തിൽ വായിക്കുന്നതു വായനക്കാർക്കു സന്തോഷകരമായിരിക്കും എന്നു കരുതുന്നു.)*

ദുഃഖഭാരത്താലെന്റെ നട്ടെല്ലു പൊട്ടുന്നുണ്ടാം
പൊക്കമില്ലാത്തോൾകളിൽ കൈവയ്ക്കാൻ കൂന്നിട്ടല്ല.

വൃഥയാ, ലതിഹീനമൂഢലോകത്തെച്ചൊല്ലി
ക്രുധയാൽ, ചെന്നായിനായാടിനെപ്പടച്ചോനെ

സ്നേഹിക്കാനാകായ്കയാൽ, എൻകാവ്യക്കിളിപോലും
മൂകത്വമേല്ക്കെ, (സ്നേഹമില്ലെങ്കിലുണ്ടോ ഗാനം?)

ആരിതാരെന്നെക്കാട്ടിൽ വിളിപ്പൂ, പരിഹാസോ–
ദാരമാമത്യുക്തിയാൽ? അല്ല; സൗഹൃദം സാരം!

എങ്കിലും ഭവാനുടെ ഫലിതം, സ്നേഹാലെന്നെ–
ത്തുംഗസത്വനായ് കാണാൻ താനൊരു കിശോരനായ്

കൈരളിക്കഴിയാത്തകണ്മഷിയെഴുതുന്ന
കയ്യിനാലെൻപള്ളയിൽ കിക്കിളിപ്പെടുത്തുന്നു!

നന്ദി,യെൻനട്ടെല്ലിന്റെ വേദനപോയെൻ നാവിൽ
പിന്നെയും തേനായ്; മാപ്പുനല്കുവൻ ദൈവത്തിനും!